# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

30.11.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1051

## വിളപ്പിൽ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.ബി. സതീഷ് | | കെ.കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ പ്രവർത്ത നോത്ഘാടനം കഴിഞ്ഞ വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; സമയ ബന്ധിതമായി പദ്ധതി പൂർത്തിയാക്കു ന്നതിന് നടപടി സ്വീകരിയ്ക്കാമോ; | (എ) | 2018 ജൂൺ 19 ന് നിർമ്മാണോ-ദ്ഘാടനം കഴിഞ്ഞ വിളപ്പിൽ കുടിവെള്ള പദ്ധതിയ്ക്കായി കണ്ടെത്തിയ സ്ഥലം പഞ്ചായത്ത് അധികൃതർ ജല അതോ റിറ്റിക്ക് കൈമാറിയിട്ടില്ല. ജല ശുദ്ധീ കരണശാല നിർമ്മിക്കേണ്ട ചീലപ്പാറ യിലെ സ്ഥലത്തുള്ള പഞ്ചായത്ത് വക കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ആയത് പൂർത്തീയാക്കി പ്രസ്തുത സ്ഥലം ജല അതോറിറ്റിക്ക് കൈമാറുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കു ന്നതാണ്. |
| (ബി) | വിളവൂർക്കൽ കുടിവെള്ള പദ്ധതിയുടെ (നബാർഡ്) ടെൻഡർ നടപടികൾ എന്തായെന്ന് വിശദമാക്കാമോ; ടെൻഡർ നടപടികൾ അനന്തമായി നീണ്ടുപോകുന്നത് ഒഴിവാക്കി സമയ ബന്ധിതമായി പ്രവൃർത്തി ആരംഭിക്കു ന്നതിന് നടപടി സ്വീകരിയ്ക്കാമോ? | (ബി) | വിളവൂർക്കൽ പഞ്ചായത്തിലെ പിടാരത്ത് പുതുതായി നിർമ്മിക്കേണ്ട ഉപരിതല, ഭൂതല ജലസംഭരണികളുടെ നിർമ്മാണ പ്രവൃത്തികൾ, പള്ളിച്ചൽ പഞ്ചായത്തിലെ പൂവടയിൽ നിർമ്മിക്കേണ്ട ഭൂതല ജല സംഭരണിയുടെ നിർമ്മാണ പ്രവൃത്തി കൾ, വിളവൂർക്കൽ പഞ്ചായത്തിലെ ജല വിതരണ ശൃംഖലയുടെ പ്രവൃത്തികൾ എന്നിവയുടെ ദർഘാസ് നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ